**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5977** **09-07-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ് പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ എത്ര തുക പ്രീമിയം ഇനത്തിൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ടെന്നും എത്ര തുക ക്ലെയിം നൽകിയിട്ടുണ്ടെന്നും വർഷം തിരിച്ച് വിശദമാക്കാമോ; | (എ) | **സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ പദ്ധതി ആരംഭിച്ച 2022 ജൂലൈ മുതൽ 2023 ജൂൺ വരെ 643.78 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും 728.56 കോടി രൂപ ക്ലെയിം അപ്രൂവൽ നൽകുകയും, 2023ജൂലൈ മുതൽ 2024 ജൂൺ വരെ 647.99 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും 586.51 കോടി രൂപയുടെ ക്ലെയിം അപ്രൂവൽ നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി സംസ്ഥാന സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി എത്ര വർഷത്തെ കരാറിലാണ് ഏർപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | **പദ്ധതിയ്ക്കുവേണ്ടി സംസ്ഥാന സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി മൂന്ന് വർഷത്തെ കരാറിലാണ് ഏർപ്പെട്ടിരിക്കുന്നത് (2022-25).** |
| (സി) | കാലാവധി കഴിഞ്ഞ് കരാർ പുതുക്കുമ്പോൾ പ്രീമിയത്തിൽ വർദ്ധനവ് വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | നിലവിലെ കരാർ കഴിയുന്ന മുറയ്ക്ക് കാലോചിതമായി പ്രീമിയ വർദ്ധനവ് നടത്തണമോ എന്ന് വിവിധ തലങ്ങളിൽ ആലോചിച്ച് മാത്രമേ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | മെഡിസെപ് പദ്ധതി മറ്റ് ഇൻഷ്വറൻസ് കമ്പനികൾ ഏറ്റെടുക്കാത്ത പക്ഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർവഹിക്കുന്നതിന് തീരുമാനമെടുക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ഡി) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മേൽനോട്ടം വഹിക്കുന്ന SLI, GIS, GPAIS തുടങ്ങിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതികളിൽ റിട്ടയർമെന്റ്, ആക്സിഡന്റ് തുടങ്ങിയ സന്ദർഭങ്ങളിൽ മാത്രമാണ് ക്ലെയിം തുക അനുവദിച്ച് നൽകേണ്ടത്. എന്നാൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻകാരുടെ പ്രതിമാസ പെൻഷൻ, ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന സ്പാർക്ക്, ട്രഷറി, ഐ.ടി സോഫ്റ്റ് വെയർ മുതലായ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ടാണ് മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ |

| | | | | |
|---|---|---|---|---|
| | | | | ജീവനക്കാർ പെൻഷൻകാർ മാത്രമല്ല യൂണിവേഴ്സിറ്റി, പഞ്ചായത്ത് ജീവനക്കാരും പെൻഷൻകാരും മുഖ്യമന്ത്രി, മന്ത്രിമാർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ അവരുടെ ആശ്രിതർ ഉൾപ്പെടെ ഏകദേശം 30 ലക്ഷം പേരോളം ഗുണഭോക്താക്കളാണ്. പദ്ധതിയിൽ പ്രീമിയം തുക മുൻകൂറായി സർക്കാർ കമ്പനിയ്ക്ക് നൽകുകയും പ്രതിമാസ തവണകളായി ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി മുൻകൂർ ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. പ്രീമിയം തുകയിൽ നിന്നും പ്രതിമാസം 28/- രൂപ വീതം കോർപ്പസ് ഫണ്ടിലേക്ക് മാറ്റുകയും ഗുരുതര/അവയവമാറ്റ ചികിത്സകൾക്കുള്ള ക്ലെയിമുകൾ പരിശോധിച്ച് കോർപ്പസ് ഫണ്ടിൽ നിന്നും പ്രത്യേകമായി രൂപകൽപ്പന ചെയ്ത SoP (Standard Operating Procedure)പ്രകാരം വിനിയോഗിക്കുന്നതിന് കമ്പനിയെ അനുവദിക്കുകയുമാണ് ചെയ്യുന്നത്. വളരെ സങ്കീർണ്ണമായ അക്കൗണ്ടിംഗ് procedures ആണ് മെഡിസെപ്പിലുള്ളത്. Data compilation, online grievance system, Integration of data from Spark, Treasury, Stapana etc to medisep software, Reconciliation of advance amount, Recoupment of advance amount, Fund flow monitoring, Preparation of budget estimate for medisep, Review meeting with insurance company, Preparation of SoP for deempanelment /suspension of hospitals, Managing of medisep mobile app, Monitoring and evaluation of scheme, Timely adding and resolving of newly emerging issues തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് മെഡിസെപ് നടപ്പിലാക്കി വരുന്നത് ആയതു കൊണ്ടുതന്നെ SLI, GIS, GPAIS തുടങ്ങിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതികളെക്കാൾ കൂടുതൽ സങ്കീർണ്ണമായ ഒന്നാണ് മെഡിസെപ് പദ്ധതി. |

സെക്ഷൻ ഓഫീസർ